പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T2472 | 19.03.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## വെളിച്ചെണ്ണയിലെ മായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.തിലോത്തമൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ . അജിത്<br>ശ്രീ. ഇ.ചന്ദ്രശേഖരൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പായ്ക്കറ്റുകളിലെ വെളിച്ചെണ്ണയിൽ ഭൂരിഭാഗവും വെളിച്ചെണ്ണയല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | പായ്ക്കറ്റ് വെളിച്ചെണ്ണ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; എങ്കിൽ പരിശോധനാ റിപ്പോർട്ടുകൾ എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ; | ബി) | സംസ്ഥാനത്ത് 01.01.2014 മുതൽ 28.02.2015 വരെ ഭക്ഷ്യസുരക്ഷാവകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ 1076 വെളിച്ചെണ്ണ സാമ്പിളുകൾ പരിശോധിച്ചതിൽ 59 സാമ്പിളുകൾ നിശ്ചിത നിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| സി) | സംസ്ഥാനത്തെ ലാബുകളിൽ വെളിച്ചെണ്ണയിലെ മായംകൃത്യമായി പരിശോധിച്ച് കണ്ടെത്താനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | സി) | ഭക്ഷ്യസുരക്ഷാ വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ വെളിച്ചെണ്ണയിൽ കണ്ടേക്കാവുന്ന മുഴുവൻ മായവും കണ്ടെത്തുന്നതിനുള്ള അത്യാന്താധുനിക സൗകര്യങ്ങൾ ലഭ്യമല്ല. എന്നാൽ വെളിച്ചെണ്ണയുടെ സമ്പിളുകൾ പരിശോധിക്കുവാൻ അത്യാന്താധുനിക സൗകര്യങ്ങൾ ലഭ്യമായ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള എറണാകുളത്ത് പ്രവർത്തിക്കുന്ന Coconut Development Board ലാബിന്റെ സേവനം വകുപ്പ് ഉപയോഗപ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ